പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 170 16.06.2014-ൽ മറുപടിയ്ക്ക്

## സ്വിം ഇൻ സർവൈവ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.ജോസഫ് വാഴക്കൻ<br>ശ്രീ.ആർ.സെൽവരാജ്<br>ശ്രീ.പി.സി.വിഷ്ണുനാഥ് | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |
| (എ) കായിക വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന സ്വിം ഇൻ സർവൈവ് പദ്ധതിയെ സംബന്ധിച്ച് വിശദമാക്കാമോ ;<br><br>(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ; | (എ) & (ബി) കേരളത്തിൽ ഓരോ വർഷവും റിപ്പോർട്ട് ചെയ്യപ്പെടുന്ന മുങ്ങി മരണങ്ങളുടെ എണ്ണം വളരെ കൂടുതലാണെന്നും ആയതിൽ കുട്ടികളാണേറെയും എന്ന വസ്തുതയുടെ വെളിച്ചത്തിൽ പ്രസ്തുത സാഹചര്യത്തെ അതിജീവിക്കുന്നതിന് സ്കൂളിൽ പഠിക്കുന്ന എല്ലാ കുട്ടികൾക്കും നീന്തൽ പരിശീലനം നൽകുക എന്ന ഉദ്ദേശത്തോടുകൂടിയാണ് സ്വിം ഇൻ സർവൈവ് എന്ന പദ്ധതി ആരംഭിച്ചത്. നീന്തൽ പരിശീലനം രാഷ്ട്രീയ ലൈഫ് സേവിംഗ് സൊസൈറ്റിയുടെ (RLSS) സഹകരണത്തോടെയാണ് നടപ്പിലാക്കി വരുന്നത്. ഈ പദ്ധതിയിലൂടെ പരമാവധി കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നു. പൈലറ്റ് പ്രോജക്ട് എന്ന നിലയ്ക്ക് കഴിഞ്ഞ സാമ്പത്തിക വർഷം കോട്ടയം എം.ഡി.സെമിനാരി സ്കൂളിൽ ടി പദ്ധതി ആരംഭിക്കുകയുണ്ടായി. പൈലറ്റ് പദ്ധതി പൂർത്തിയായതിനുശേഷം ആയതിന്റെ തുടർച്ചയായി ടി ഉപകരണങ്ങൾ ഉപയോഗിച്ച് കോട്ടയത്തു തന്നെയുള്ള എം.റ്റി.സെമിനാരി ഹയർ സെക്കന്ററി സ്കൂളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കി കഴിഞ്ഞിട്ടുണ്ട്. നിലവിൽ സംസ്ഥാനത്തെ വിവിധ ജില്ലകളിലായി തെരഞ്ഞെടുക്കപ്പെട്ട 6 സ്കൂളുകളിൽ പ്രസ്തുത പദ്ധതി നടന്നുവരുന്നു. പോർട്ടബിൾ നീന്തൽ കുളങ്ങളാണ് പരിശീലനത്തിനായി ഉപയോഗിക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | സ്വരക്ഷയ്ക്കായി വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ ; | (സി) | അപകടകരമാംവിധം ജലാശയങ്ങളിൽ വീണുപോയാൽ രക്ഷനേടുന്നതിനുള്ള പരിശീലനം വിദഗ്ദ്ധരായ പരിശീലകർ കുട്ടികൾക്ക് നൽകിവരുന്നു. |
| (ഡി) | ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്ന് വിശദീകരിക്കാമോ ? | (ഡി) | രാഷ്ട്രീയ ലൈഫ് സേവിംഗ് സൊസൈറ്റിയും കായികയുവജനകാര്യ വകുപ്പും സംയുക്തമായിട്ടാണ് സ്വിം ഇൻ സർവൈവ് പദ്ധതി നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ